**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1371** **03-02-2026 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഗാർഡുകളുടെ വേതന വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിനോദ സഞ്ചാര വകുപ്പിന് കീഴിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ലൈഫ് ഗാർഡുകളുടെ വേതന വർദ്ധനവിനും തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കാനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | വിനോദ സഞ്ചാര വകുപ്പിന് കീഴിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ലൈഫ് ഗാർഡുകൾക്ക് സർക്കാർ അതാത് കാലങ്ങളിൽ നിശ്ചയിക്കുന്ന ദിവസവേതനമാണ് അനുവദിക്കുന്നത്. നിലവിൽ 19.04.2025 ലെ സ.ഉ.(അച്ചടി) നം. 54/2025/ധന ഉത്തരവ് പ്രകാരം സർക്കാർ പരിഷ്കരിച്ച് നൽകിയ നിരക്കിലാണ് (770 രൂപ) വേതനം നൽകിവരുന്നത്. കൂടാതെ 100 രൂപ റിസ്ക് അലവൻസും നൽകുന്നു.<br><br>09.03.2024ലെ സ.ഉ.(സാധാ) നം. 146/2024/ടൂറിസം ഉത്തരവ് പ്രകാരം വിനോദ സഞ്ചാര വകുപ്പിന് കീഴിൽ ജോലി ചെയ്യുന്ന ലൈഫ് ഗാർഡുകൾക്ക് സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഗ്രൂപ്പ് പഴ്സണൽ ആക്സിഡെൻറ് ഇൻഷുറൻസ് പരിരക്ഷ നടപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ